# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## പ്രജാപതിയെ തേടിയുള്ള അരവിന്ദാക്ഷമേനോന്റെ സത്യാന്വേഷണപരീക്ഷകൾ



കണ്ണടച്ച് തുറക്കുംനേരം കൊണ്ട് സംഭവിച്ച ഒരു ജീവിതപരിണാമമായിരുന്നില്ല അരവിന്ദാക്ഷമേനോന്റെ ക്രിസ്തീയമനപ്പരിവർത്തനം. ഏറെ ദുരിതങ്ങളിലൂടെയും തിരസ്ക്കരണങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും കടന്നുപോയ ജീവിതം ഒടുവിൽ പരമശാന്തതയിൽ ലയിച്ച അനുഭവത്തോട് മാത്രമേ ആ ജീവിതപരിണാമത്തെ നമുക്ക് ഉപമിക്കാനാവൂ.

പുരാതനമായ ഒരു ഹൈന്ദവകുടുംബത്തിൽ ജനിച്ച്, നന്നേ ചെറുപ്പം മുതൽക്കേ ഹൈന്ദവപുരാണങ്ങൾ വായിച്ച് അവയുടെ സ്വാധീനത്തിൽ വളർന്ന മുതിർന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശയങ്ങളോട് ഐക്യപ്പെട്ട് പ്രവർത്തിച്ച ജീവിതപരിസരമായിരുന്നു അദ്ദേഹത്തിന്റേത്. റബർബോർഡിൽ ലഭിച്ച ജോലി കൂടുതൽ സൗഹൃദങ്ങൾ സ്ഥാപിക്കാനും പാർട്ടിയുടെ ആശയങ്ങൾ സഹപ്രവർത്തകർക്കിടയിൽ നടപ്പിൽ വരുത്താനും ഇടയാക്കി..ഭാര്യ, രണ്ട് പെൺമക്കൾ, സൗഹൃദങ്ങൾ, സ്വാധീനങ്ങൾ.

ഇങ്ങനെ ജീവിതം തികച്ചും സാധാരണവും സരളവുമായി കടന്നുപൊയ്ക്കൊണ്ടിരുന്ന വേളയിലാണ് ചില രാഷ്ട്രീയ ഇടപെടലുകളുടെ ഭാഗമായി കള്ളക്കേസുകൾ ചുമത്തി അരവിന്ദാക്ഷമേനോന് ജോലി നഷ്ടമായത്. ജോലി നഷ്ടമായത് അതുവരെയുണ്ടായിരുന്ന ബന്ധങ്ങളെ പുനനിർവചിക്കുന്നതിന് വഴിയൊരുക്കി. കൂടെയുണ്ടാവുമെന്ന് കരുതിയ പലരും വഴിപിരിഞ്ഞുപോയിരിക്കുന്നുവെന്ന സത്യം അദ്ദേഹം അപ്പോൾ തിരിച്ചറിഞ്ഞു.

സർക്കാർ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും പൊതുപ്രവർത്തനത്തിന്റെ പേരിൽ ജീവിച്ചിരുന്ന ആളായതുകൊണ്ട് ഒരിക്കൽപോലും പോക്കറ്റിൽ പണമുണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരാൾക്ക് ജോലികൂടി നഷ്ടപ്പെടുമ്പോഴത്തെ അവസ്ഥ എത്രയോ ഭീകരമായിരിക്കും! സുഖസമൃദ്ധിയിൽ ജീവിച്ചുപോന്നിരുന്ന കുടുംബത്തിലേക്ക് ദാരിദ്ര്യം പടികയറിവരുന്നത് അരവിന്ദാക്ഷമേനോൻ ഞെട്ടലോടെ കണ്ടു. ഈ അവസ്ഥയിൽ ബന്ധുക്കൾ പരിഹസിച്ചു..സുഹൃത്തുക്കൾ മുഖം തിരിച്ചു. പക്ഷേ അപ്പോഴും അരവിന്ദാക്ഷമേനോൻ അറിയാതെ അദ്ദേഹത്തിന്റെ ഭാര്യ ക്രിസ്തുവിന്റെ കുരിശിൻചുവട്ടിൽ അഭയം തേടി

പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. കാരണം ഹിന്ദുവായിരുന്നുവെങ്കിലും കത്തോലിക്കാ കുടുംബങ്ങളുടെ പരിസരങ്ങളിൽ ജനിച്ചുജീവിച്ചു വളർന്നവളായിരുന്നതുകൊണ്ട് ഭാര്യക്ക് ക്രിസ്തീയപ്രാർത്ഥനകൾ പലതും മനപ്പാഠമായിരുന്നു: ദൃഢമായ വിശ്വാസവും കൈമുതലായുണ്ടായിരുന്നു. വിവാഹിതയായി അരവിന്ദാക്ഷന്റെ ജീവിതത്തിലേക്ക് വലതുകാൽ വച്ച് കടന്നുവന്നപ്പോൾ ഭാര്യ ആവശ്യപ്പെട്ടതും ഒന്നുമാത്രമായിരുന്നു പള്ളിയിൽ പോകുന്നതിന് തടസ്സം പറയരുത്.

എന്നാൽ ആ പ്രാർത്ഥനകളുടെയെല്ലാം വില തിരിച്ചറിയാൻ അരവിന്ദാക്ഷമേനോൻ ഏറെ വൈകിപ്പോയെന്ന് മാത്രം. ഭൂസ്വത്തുക്കൾ വിറ്റ് അരിമേടിക്കേണ്ട സാഹചര്യത്തിലേക്ക് ജീവിതം വഴിപിരിഞ്ഞപ്പോൾ അധികം വൈകാതെ മദ്യപാനശീലവും അദ്ദേഹത്തെ പിടികൂടി. മുപ്പത്തിയെട്ട് വർഷത്തിനിടിയൽ ഒരിക്കൽപോലും മദ്യം രുചിച്ചുനോക്കാത്ത വ്യക്തി നിരാശതയിലും ദേഷ്യത്തിലും പ്രതികാരത്തിലും പെട്ട് തികഞ്ഞ മദ്യപാനിയായപ്പോൾ ഒരു കുടുംബത്തിന്റെ തകർച്ച പൂർണ്ണമാവുകയായിരുന്നു. അതിനിടയിൽ തനിക്ക് എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നത് എന്നറിയാനുള്ള കേവലമായ ജിജ്ഞാസ അദ്ദേഹത്തെ ജ്യോത്സ്യന്മാരുടെയും പ്രശ്നക്കാരുടെയും അടുക്കലെത്തിച്ചു. ബ്രഹ്മരക്ഷസിന്റെ ശാപമാണ് അദ്ദേഹം ഇപ്പോൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് കാരണമെന്ന് പറഞ്ഞ ജ്യോത്സ്യൻ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചു. അവ നിറവേറ്റിയിട്ടും കാര്യങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നടക്കാതെ വന്നപ്പോൾ വീണ്ടും ജ്യോത്സ്യൻ തന്നെ അഭയമായി.

ഇപ്പോൾ ബ്രഹ്മരക്ഷസിന്റെ ശാപമായിരുന്നില്ല മഹാവിഷ്ണുവിന്റെ കോപമായി. അനർത്ഥങ്ങൾക്ക് കാരണം മാറിയും മറിഞ്ഞുമുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും ഹോമങ്ങളും ക്ഷേത്രദർശനങ്ങളും അരവിന്ദാക്ഷമേനോനെ കൂടുതൽ കൂടുതൽ ദരിദ്രനും നിരാശനും ആക്കിക്കൊണ്ടിരുന്നു. പ്രാർത്ഥന കേൾക്കാത്ത ദൈവത്തോടുള്ള ദേഷ്യം അദ്ദേഹത്തെ ക്രമേണ നിരീശ്വരവാദിയുമാക്കി. നിരീശ്വരവാദപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് മൂന്നു വർഷക്കാലം പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

അത്തരമൊരു ദിവസമാണ് ബ്രാഹ്മണനായി ജനിച്ച് ജീവിച്ച് വളർന്ന ഒരു ഹൈക്കോടതി ജസ്റ്റീസുമായി അരവിന്ദാക്ഷമേനോൻ പരിചയപ്പെടുന്നത്. ഹൈന്ദവമതഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് രാമായണവും മഹാഭാരതവും വായിച്ചിട്ടുണ്ട് എന്നായിരുന്നു മേനോന്റെ മറുപടി. എന്നാൽ അവയൊന്നും മതഗ്രന്ഥങ്ങൾ അല്ലെന്നും കഥാരചനകൾ മാത്രമാണെന്നും യഥാർത്ഥ ഹൈന്ദവമതഗ്രന്ഥം വേദങ്ങളാണെന്നും ജസ്റ്റീസ് പറഞ്ഞുകൊടുത്തത് അരവിന്ദാക്ഷമേനോനെ സംബന്ധിച്ചിടത്തോളം പുതിയൊരു അറിവായിരുന്നു.

വേദങ്ങളിലേക്കുള്ള ആ യാത്ര അദ്ദേഹത്തിന്റെ ജീവിതത്തെയും വീക്ഷണഗതികളെയും തലകീഴായി മറിച്ചുകളഞ്ഞു. ആരാണ് മനുഷ്യൻ എന്നും ആരാണ് ദൈവം എന്നും അത് അദ്ദേഹത്തിന് വ്യക്തമായി പറഞ്ഞുകൊടുത്തു. വേദങ്ങളിലെ പ്രജാപതിക്ക് ക്രിസ്തുവുമായുള്ള സാമ്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. പ്രജകളെ രക്ഷിക്കുന്നവനാണ് പ്രജാപതി. രണ്ട് ലക്ഷണങ്ങളാണ് പ്രജാപതിക്കുള്ളത്. രൂപത്തിൽ മനുഷ്യനായിക്കൊണ്ട് സ്വന്തം ശരീരത്തിൽ പാപങ്ങൾ ഏറ്റെടുക്കുന്നവൻ. ഏകദൈവത്തെക്കുറിച്ച് മാത്രമേ ഋഗ്വേദം പറയുന്നുള്ളൂ.

ക്രിസ്തുവിന്റെ കുരിശുമരണം യാഗമായിരുന്നുവെന്നും കാൽവരി യാഗവേദിയാ യിരുന്നുവെന്നും അതിന്റെ വെളിച്ചത്തിൽ മേനോൻ മനസ്സിലാക്കി. സതപതബ്രാഹ്മണത്തിൽ പറയുന്ന ഏഴ് യാഗവിധികളും ക്രിസ്തുവിന്റെ കുരിശുമരണത്തിൽ പൂർത്തിയാകുന്നതായും അദ്ദേഹം മനസ്സിലാക്കി. താൻ ഇന്നുവരെ പ്രാർത്ഥിച്ചതൊന്നും ദൈവത്തോട് ആയിരുന്നില്ല എന്ന് മേനോൻ കണ്ടെത്തി. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്നതാണ് ദൈവം എന്ന് വലിയ സത്യം ക്രിസ്തുവിൽ പൂർണ്ണമാകുന്നത് നിറമിഴികളോടെ അദ്ദേഹം നോക്കിനിന്നു. ആരണ്യകങ്ങളിലും വേദങ്ങളിലും പഠിച്ചവ അതേപടി ബൈബിളിൽ വിവർത്തിക്കപ്പെടുന്നുമുണ്ട്.

കേവലമായ ശാരീരിക സൗഖ്യങ്ങളോ ഭൗതികനന്മകളോ ആയിരുന്നില്ല അരവിന്ദാക്ഷമേനോനെ ക്രിസ്തുവിന്റെ അനുയായി മാറ്റിയത്. തന്റെ എല്ലാ ദൈവാന്വേഷണങ്ങളും ക്രിസ്തുവിൽ എത്തിച്ചേരുന്നു എന്ന കണ്ടെത്തലാണ് അദ്ദേഹത്തെ മാറ്റിമറിച്ചത്. എന്റെ ഈശോയേ എന്റെ ദൈവമേ എന്ന നിലവിളി അദ്ദേഹത്തിൽ മുഴങ്ങി. വലിയ വിലാപത്തോടെ അദ്ദേഹം ക്രൂശിതരൂപത്തിന് മുമ്പിൽ മുട്ടുകുത്തി. ഭാര്യ ഇതൊന്നും കാണുന്നില്ല എന്നായിരുന്നു വിചാരം. പക്ഷേ ഭാര്യ എല്ലാം കാണുകയും അറിയുകയും ചെയ്യുന്നുണ്ടായിരുന്നു. പിന്നെ അവർ ഒരുമിച്ച് മുട്ടുകുത്തി കൈകൾ കോർത്തുനിന്ന് പ്രാർത്ഥിച്ചു. അന്നുരാത്രി തന്നെ അവർക്കിടയിൽ അത്ഭുതങ്ങൾ സംഭവിച്ചു. വർഷങ്ങളായി ഉറക്കമില്ലാതെ വിഷമിച്ചിരുന്ന അരവിന്ദാക്ഷമേനോൻ അന്നേ ദിവസം പതിനാല് മണിക്കൂർ ശാന്തമായി ഉറങ്ങി. പെൺമക്കളുടെ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളില്ലാതെ…സാമ്പത്തികബാധ്യതകളെക്കുറിച്ചോർമ്മിക്കാതെ.

അപ്പ.പ്രവ 4:12 ആണ് തന്റെ ജീവിതത്തെ സവിശേഷമാംവിധം കെട്ടിപ്പടുത്തത് എന്ന് അദ്ദേഹം പറയുന്നു. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (അപ്പ.പ്രവ 4:12). ഡിവൈൻ ധ്യാനകേന്ദ്രം അദ്ദേഹത്തിന്റെ സുവിശേഷ പ്രഘോഷണ സാധ്യതകളെ വളർത്തിയെടുക്കുകയും ചെയ്തു.